# ECHOLIS 2014

A QUARTERLY BULLETIN OF LISIE MEDICAL AND EDUCATIONAL INSTITUTIONS, VOL-1, ISSUE 4, JANUARY 2014



CARE with LOVE

LISIE HOSPITAL
ERNAKULAM
ARCHDIOCESE OF ERNAKULAM-ANGAMALY

lisienewsletter2013@gmail.com

ECHOLIS 2014
A QUARTERLY BULLETIN OF LISIE MEDICAL AND EDUCATIONAL INSTITUTIONS, VOL 1, ISSUE 4, JANUARY 2014

EDITORIAL BOARD

**Managing Editor**
Fr. Thomas Vaikathuparambil

**Editor-in-chief**
Prof. Usha Marath

**Consultant Editors**
Fr. Paul Kottackal
Fr. Varghese Assin Thaiparambil

**Associate Editors**
Dr. Babu Francis
Sr. Vida MSJ
Mr. Sajeev Jacob

**Editorial Board**
Mrs. Sumathi P.V.
Mrs. Reena V.I.
Sr. Elsy MSJ
Mr. A.R. Lopez
Mrs. Ruby Paul
Sr. Juliet MSJ
Miss. Jomol Joseph

**Finance**
Mr. M.J. Aprem

**Circulation Manager**
Mr. Anti Jose

**Photo**
Mr. Jijo Chacko

Lisie Hospital
Ernakulam, P.B. No. 3053,
Cochin - 682018
contact@lisiehospital.org
www.lisiehospital.org

## MESSAGE FROM THE EDITOR-IN-CHIEF

Dear Readers,
My warm wishes to all.
Occasions like year end often lead us to contemplate on what went by in the immediate past. It's a time to analyze, review, critically appraises and introspect about the tenor and the drifts of our endeavor.
The year 2013 witnessed the birth of 'ECHOLIS' the newsletter of Lisie Medical and Educational Institutions. Facing all the problems 'ECHOLIS' proudly stands up to celebrate its first anniversary.
It is my immense pleasure to place on records my appreciation and gratitude to The Patron, Board of Trustee, members of the editorial board who were instrumental in bringing out each issue of the newsletter.
In this issue we have included the activities which took place on and off campus in the previous three months. We have also included an exclusive interview with His Excellency Mar Sebastian Adayanthrath Aux. Bishop, Chairman of Lisie Medical and Educational Instituions.
Being in its growing phase, we require the critical review, comments, insight and suggestion of our readers. We also request all of you to contribute and make the forthcoming issues of 'ECHOLIS' memorable ones. We wish to disseminate 'ECHOLIS' to all the members of Lisie family. We also aspire to cater to the needs of our consumers and hence will strive to include features which would be meaningful to them in our forthcoming issues.
We wish all our readers and others a very Happy Christmas and May the coming New Year 2014; bring in all prosperity, growth, peace and happiness to all.
Contact us on lisienewsletter2013@gmail.com
We hope you enjoy this Issue .................

Usha Marath



# ആശുപത്രി ചെയർമാൻ
# മാർ സെബാസ്റ്റ്യൻ എടയന്ത്രത്ത് പിതാവുമായി

## പി.ആർ.ഒ. സജീവ് ജേക്കബ് നടത്തിയ അഭിമുഖം

***അങ്ങ് ലിസി ആശുപത്രിയുടെ ചെയർമാൻ സ്ഥാനം ഏറ്റെടുത്തിട്ട് ഒരു വർഷം പൂർത്തിയായല്ലോ. ആശുപത്രിയെക്കുറിച്ചുള്ള അങ്ങയുടെ സ്വപ്നങ്ങൾ എന്തൊക്കെയാണ്?***

ആശുപത്രിയിൽ വരുന്ന എല്ലാവർക്കും സമയബന്ധിതമായി നല്ല സേവനം നൽകുന്ന ഒരു മുന്നേറ്റമായി ലിസി മാറണം. ആധുനിക കണ്ടുപിടുത്തങ്ങളും വൈദ്യശാസ്ത്രരംഗത്തെ നൂതന പഠനങ്ങളും പ്രാവർത്തികതലത്തിലാക്കുന്ന ഒരു സേവനരംഗമായി ലിസി രൂപാന്തരപ്പെടണം.

***മഹാനായ പാറേക്കാട്ടിൽ പിതാവിന്റെ സ്വപ്നമായിരുന്നു ലിസി ആശുപത്രി. പിതാവിന്റെ സ്നേഹവാത്സല്യങ്ങൾ ആവോളം നുകർന്നാണ് ലിസി വളർന്നത്. മാറിയ കാലഘട്ടത്തിൽ പാറേക്കാട്ടിൽ പിതാവിന്റെ സ്വപ്നങ്ങളുടെയും മുൻഗണനകളുടെയും വഴിയേ തന്നെയാണോ ലിസി?***

ഭാഗ്യസ്മരണാർഹനായ പാറേക്കാട്ടിൽ പിതാവിന്റെ സ്വപ്നങ്ങൾ പിതാവിന്റെ കാലവുമായി ബന്ധപ്പെട്ടതായിരുന്നു. കഴിഞ്ഞ 20 വർഷങ്ങൾക്കുള്ളിൽ ലോകത്തിൽ വലിയ മാറ്റങ്ങളുണ്ടായി. ആരോഗ്യപരിപാലനത്തിൽ വളരെയധികം ഊന്നൽ നൽകുന്ന ഇന്നത്തെ ലോകത്തിൽ ലിസി പോലുള്ള ഒരു ആശുപത്രി പുതിയ സ്വപ്നങ്ങൾ മെനഞ്ഞ് മുന്നേറണം. അതായിരിക്കും പിതാവ് ആഗ്രഹിക്കുന്നതും.

***എറണാകുളം - അങ്കമാലി പോലെ വലിയ അതിരൂപതയിലെ ഭാരിച്ച ഉത്തരവാദിത്വങ്ങൾക്കിടയിൽ ആശുപത്രിയുടെ കാര്യങ്ങൾ നോക്കാൻ അങ്ങ് ആഗ്രഹിക്കുന്നതുപോലെ സമയം ലഭിക്കാറുണ്ടോ?***

ലിസി ആശുപത്രിയെ സംബന്ധിച്ച് എല്ലാ പ്രധാനപ്പെട്ട നയപരമായ തീരുമാനങ്ങളുമെടുക്കാൻ ഒരു 'ബോർഡ് ഓഫ് ട്രസ്റ്റീസ്' ഉണ്ട്. കഴിവുറ്റ ആളുകളാണ് അതിലെ അംഗങ്ങൾ. അവർ മൂന്ന് മാസത്തിലൊരിക്കൽ കൂടുന്നു. കൂടാതെ അതിരൂപതാ കൺസൽട്ടൻസി ഫോറവും ഒത്തിരിയേറെ സഹായിക്കുന്നു.

***'ലിസി കുടുംബം' എന്നാണല്ലോ നാം പറയാറുള്ളത്. സ്വാഭാവികമായും അങ്ങാണ് ഈ കുടുംബത്തിന്റെ തലവൻ. കുടുംബാംഗങ്ങൾക്ക് അങ്ങ് എത്രകണ്ട് സംലഭ്യനാണ്?***

കൂട്ടുത്തരവാദിത്വത്തിലാണ് ഈ വലിയ കുടുംബം മുന്നേറുക. വൈദികർ, സിസ്റ്റേഴ്സ്, ഉത്തരവാദിത്വം വഹിക്കുന്ന മറ്റു വ്യക്തികൾ എന്നിവരൊക്കെ ചേർന്നാണ് ഇത് മുൻപോട്ട് പോകുന്നത്. ഇവിടെ സേവനം ചെയ്യുന്നവർ സംതൃപ്തരാണെന്നാണ് ഞാൻ മനസ്സിലാക്കുന്നത്. ആശുപത്രിയുടെ അനുദിന നടത്തിപ്പുകളിൽ ഞാൻ ഇടപെടാറില്ല. ഇടപെടുന്നത് ഉചിതമാണെന്ന് തോന്നിയിട്ടുമില്ല.

***പണ്ടത്തെ 'ധർമ്മാശുപത്രി' എന്ന നിലയിൽ നിന്ന് ലിസി ഏറെ മാറിക്കഴിഞ്ഞു. മാറ്റം അനിവാര്യവുമായിരുന്നു. ഒരു പരിധിവരെ മത്സരക്ഷമത പുലർത്തുകയും വേണം. അതേസമയം നമ്മുടെ തനതുമൂല്ല്യങ്ങളോട് പ്രതിബദ്ധതയും ഉണ്ടായിരിക്കണം. എന്താണ് അങ്ങയുടെ അഭിപ്രായം?***

ആരോഗ്യപരിപാലനത്തെക്കുറിച്ചും ആശുപത്രി നടത്തിപ്പിനെക്കുറിച്ചുമുള്ള ആളുകളുടെ ധാരണകൾക്ക് വലിയ മാറ്റം വന്നുകഴിഞ്ഞു. എങ്കിലും പുതിയ സംസ്ക്കാരശൈലി സൃഷ്ടിക്കാൻ ലിസിക്ക് ഉത്തരവാദിത്വമുണ്ട്. മാന്യമായ പെരുമാറ്റം, ചുരുങ്ങിയ സമയത്തിനുള്ളിൽ ലഭിക്കേണ്ട ശ്രദ്ധ, രോഗത്തെക്കുറിച്ചുള്ള ശരിയായ അപഗ്രഥനം, ആവശ്യത്തിനു മാത്രമുള്ള മരുന്നുനൽകൽ, പ്രശ്നങ്ങൾ ഉണ്ടായാൽ പരിഹരിക്കാൻ ഒരു വേദി. ഇതെല്ലാം വളരെ അനിവാര്യമായ ആവശ്യങ്ങളും കടമകളുമാണ്.

***അങ്ങയുടെ ദൈവവിളി തിരിച്ചറിഞ്ഞത് എങ്ങനെയാണ്? ആരാണ് അതിന് പ്രചോദനമായത്?***

എന്റെ ദൈവവിളി തിരിച്ചറിയാൻ സഹായിച്ചത് കർമ്മലീത്താ സന്ന്യാസിനീ സഹോദരിമാരാണ്. അവരുടെ പ്രാർത്ഥന വഴിവിളക്കായിരുന്നു.

***കേരളത്തിൽ ഒരു കത്തോലിക്കാ മെത്രാനായിരിക്കുക എന്നത് സുഖകരവും ആനന്ദകരവുമായ കാര്യമല്ലേ?***

കേരളത്തിലെ ഒരു മെത്രാനായിരിക്കുക അത്ര എളുപ്പമുള്ള കാര്യമല്ല. പ്രതീക്ഷകൾ അനവധിയാണ്. പല വേദികളിൽ ഒരു മെത്രാന്റെ സാന്നിധ്യം പ്രതീക്ഷിക്കപ്പെടുമ്പോൾ വായിക്കുവാനും പഠിക്കുവാനും സാമൂഹ്യസാഹചര്യങ്ങളെ വിലയിരുത്തുവാനുമുള്ള അവസരങ്ങൾ കുറയുന്നു. അതുകൊണ്ടുതന്നെ സമഗ്രതയാർന്ന നേതൃത്വം നൽകുക ദുഷ്കരമായ

ജോലിയാണ്. ഈ ശുശ്രൂഷ ആനന്ദകരമാണ്. ജനങ്ങളുമായിട്ടുള്ള ശുശ്രൂഷയായതുകൊണ്ട് ജീവദായകവുമാണ്.

***അങ്ങ് മെത്രാനായിട്ട് 12 വർഷം പിന്നിടുകയാണല്ലോ. ബിഷപ് സെബാസ്റ്റ്യൻ എടയന്ത്രത്തിനെ അങ്ങ് എങ്ങനെ വിലയിരുത്തുന്നു?***

മെത്രാനായ അവസരത്തിൽ ഉണ്ടായിരുന്നതിനേക്കാൾ സന്തോഷവും ആനന്ദവും ഇന്നുണ്ട്. മുന്നോട്ട് വയ്ക്കുന്ന നല്ല ആശയങ്ങളെ സഫലീകരിപ്പിക്കുവാനായി അധ്വാനിക്കാൻ തയ്യാറായ അനേകർ ചുറ്റും നിൽക്കുന്നുണ്ട് എന്ന ബോധ്യമാണ് അതിന് കാരണം.

***'To be broken and to be shed' മുറിക്കപ്പെടാനും ചിന്തപ്പെടാനും. അങ്ങ് തിരഞ്ഞെടുത്ത മനോഹരമായ ഈ ആപ്ത വാക്യം അങ്ങയുടെ ജീവിതത്തിൽ എത്രമേൽ നിറവേറിയെന്ന് വ്യക്തമാക്കാമോ?***

ഈ ആപ്തവാക്യം ഇനിയും പൂർത്തിയാക്കപ്പെടേണ്ട ഒരു സ്വപ്നമാണ്. ഈ ജീവിതം മനോഹരമായ ഒരു ഡാൻസാണ്. ആ താളത്തിലേയ്ക്ക് ഉൾച്ചേരുമ്പോഴാണ് ശരിയായി മുറിക്കപ്പെടുകയും ചിന്തപ്പെടുകയും ചെയ്യുക. ഞാനിന്നും അറച്ചറച്ചു നില്ക്കുന്ന ഒരു കുട്ടിയായി എനിക്ക് തോന്നാറുണ്ട്.

***'ലോകത്തിൽ ഒട്ടേറെ ഭാഷകളുണ്ട്. പുഞ്ചിരി അവയെല്ലാം സംസാരിക്കുന്നു' എന്നാണല്ലോ പറയുന്നത്. അങ്ങയെപ്പോലെ മനോഹരമായും നിഷ്കളങ്കമായും പുഞ്ചിരിക്കാൻ കഴിയുന്നവർ കുറവാണ്. 'പുഞ്ചിരിയുടെ സുവിശേഷക'നാകാൻ കാരണമെന്താണ്?***

എനിക്ക് നല്കുവാൻ മറ്റു സമ്മാനങ്ങളൊന്നുമില്ല. വലിയ കഴിവുകളില്ല, പറയത്തക്ക സ്വാധീനങ്ങളില്ല. പണം കണ്ടെത്തി നല്കാനുള്ള മനസ് ഒരിക്കലും ഉണ്ടായിട്ടില്ല. എന്റെ സമ്മാനം എന്റെ പുഞ്ചിരിയാണ്. അങ്ങനെയാണ് ഞാൻ ഹൃദയബന്ധങ്ങൾ സ്ഥാപിക്കുന്നതും. അത് എന്റെ സുവിശേഷവേലയാണെന്ന് ഞാൻ കരുതുന്നു.

***ഫ്രാൻസിസ് പാപ്പയുടെ ലാളിത്യവും വിനയവും ലോകശ്രദ്ധയാകർഷിച്ചിരിക്കുകയാണല്ലോ. പ്രൈവറ്റ് ബസിൽ കയറി ലിസി സ്റ്റോപ്പിൽ ഇറങ്ങി ആശുപത്രിയിലേക്ക് അങ്ങ് നടന്നുവരുന്നത് പലപ്പോഴും കണ്ടിട്ടുണ്ട്. ലാളിത്യം ഇഷ്ടപ്പെടാൻ കാരണമെന്താണ്?***

ലാളിത്യം എനിക്ക് ഒരു ജീവിതശൈലിയാണ്; ഒരു തോന്നലാണ്; ഒരു വിശ്വാസമാണ്. ജീവിതം ഇനിയും ലളിതമായിട്ടുണ്ടോ എന്ന് ചോദിച്ചാൽ ആയിട്ടില്ല എന്നു വേണം പറയുവാൻ. പുതിയ വാതായനങ്ങൾ ഇനിയും തുറക്കുമെന്ന് ഞാൻ വിശ്വസിക്കുന്നു.

***അങ്ങേക്ക് ലഭിച്ച ഏറ്റവും ശക്തമായ ഉപദേശം എന്താണ്? ആരിൽ നിന്നാണ് അത് ലഭിച്ചത്?***

എനിക്ക് ലഭിച്ച ഏറ്റവും വലിയ ഉപദേശം ബിഷപ് ജോൺ മൈക്കിൾ ഷെർലോക്കിൽനിന്നാണ്. അദ്ദേഹം പറഞ്ഞു: 'സെബാസ്റ്റ്യൻ, നീ - നീ ആയിരിക്കുക, വേറെ ആരും ആകാൻ ശ്രമിക്കരുത്.' ഞാൻ അത് പൂർണ്ണമായും പ്രാവർത്തികമാക്കിയിരുന്നുവെങ്കിൽ, ഞാൻ ഇതിലും കൂടുതൽ ആനന്ദമുള്ള വ്യക്തിയായേനെ!!!

***അങ്ങ് ഏറ്റവും ഇഷ്ടപ്പെടുന്ന പുസ്തകം ഏതാണ്? എന്തുകൊണ്ടാണ്?***

ഡൊമിനിക് ലാപ്പിയറിന്റെ 'സിറ്റി ഓഫ് ജോയ്' ആണ് എനിക്കേറ്റവും ഇഷ്ടപ്പെട്ട പുസ്തകം. അത് വായിച്ച് കരഞ്ഞിട്ടുണ്ട്. മനുഷ്യജീവിതത്തിന്റെ ദുരന്തവും അത് നേരിടുവാനുള്ള ആർജവത്വവും ആ പുസ്തകത്തിൽ ഇഴചേർന്ന് കിടക്കുന്നു.

***എന്തൊക്കെയാണ് അങ്ങയുടെ ഹോബികൾ? (ഹോബികൾക്ക് നീക്കിവയ്ക്കാൻ സമയമുണ്ടെങ്കിൽ!)***

സിനിമ എനിക്ക് ഒത്തിരി ഇഷ്ടമാണ്. സമയം കിട്ടിയാൽ കാണും. ദൈവശാസ്ത്രപുസ്തകങ്ങൾ ഒരു ഹരമാണ്. അത് വായിക്കും. പുതിയ ആശയങ്ങൾ എഴുതിയുണ്ടാക്കുക ഒരു വിനോദമാണ്. എഴുതുന്നത് സന്തോഷദായകമായ ഒരു കാര്യമാണ്.

***അങ്ങേയ്ക്ക് ഹൃദയത്തിൽ വലിയ ആനന്ദം അനുഭവപ്പെടുന്നത് എപ്പോഴാണ്?***

ഞാൻ കണ്ട ചില സ്വപ്നങ്ങൾ മറ്റുള്ളവരിലൂടെ പൂവണിയുന്നത് കാണുമ്പോൾ. മനുഷ്യർ തലയുയർത്തിപ്പിടിച്ച് നടക്കുന്നത് കാണുന്നത് ആനന്ദദായകമായ കാര്യമാണ്. 'ചെറിയ മനുഷ്യർ' ബഹുമാനിക്കപ്പെടുന്നത് കാണുന്നതും ആനന്ദകരമാണ്.

***കെ.സി.ബി.സി.യുടെ ഫാമിലി കമ്മീഷൻ ചെയർമാനായി ഈയിടെ അങ്ങ് തിരഞ്ഞെടുക്കപ്പെട്ടല്ലോ. പുതിയ ഉത്തരവാദിത്വത്തെ എങ്ങനെ കാണുന്നു?***

നല്ലൊരു അവസരമാണ് ഇത്. കുടുംബങ്ങളെ എനിക്കിഷ്ടമാണ്. കുടുംബമാണല്ലോ നമുക്ക് ജന്മം നല്കി, കരുതലോടെ വളർത്തി ഇത്രയുമാക്കിയത്. ഒരുമിച്ച് പ്രവർത്തിക്കാൻ നല്ല വ്യക്തികളെ ദൈവം നല്കും. ശാന്തമായ സേവനം നല്കാൻ ആഗ്രഹിക്കുന്നു.







# ഹോസ്പിറ്റൽ ഡേ

ഹോസ്പിറ്റൽ ഡേ, ഒക്ടോബർ 12-ാം തീയതി കുടുംബദിനമായി ആഘോഷിച്ചു. വൈകുന്നരം നടന്ന സമൂഹബലിയിൽ അതിരൂപതാ സഹായ മെത്രാൻ മാർ ജോസ് പുത്തൻവീട്ടിൽ മുഖ്യ കാർമ്മികനായിരുന്നു. തുടർന്ന് നടന്ന പൊതുസമ്മേളനത്തിൽ ഡയറക്ടറച്ചൻ അദ്ധ്യക്ഷത വഹിച്ചു. അഭിവന്ദ്യ പുത്തൻവീട്ടിൽ പിതാവ് ഉദ്ഘാടനം ചെയ്തു. വിവിധ കോഴ്സുകളിൽ സ്കോളർഷിപ്പ് ലഭിച്ച വിദ്യാർത്ഥികൾക്ക് അവാർഡുകൾ വിതരണം ചെയ്തു. കുടുംബദിനാഘോഷത്തിന് മുന്നോടിയായി നടത്തിയ കലാ കായിക മത്സരവിജയികൾക്കുള്ള സമ്മാനങ്ങളും വിതരണം ചെയ്തു. വിവിധ വിഭാഗങ്ങളിലെ വിദ്യാർത്ഥികളും ആശുപത്രി സ്റ്റാഫും അവതരിപ്പിച്ച കലാപരിപാടികളും ഉണ്ടായിരുന്നു.

## വിദ്യാരംഭം

ഒക്ടോബർ 5-ാം തീയതി ലിസി മെഡിക്കൽ ആന്റ് എജ്യുക്കേഷണൽ സ്ഥാപനങ്ങളുടെ സംയുക്ത വിദ്യാരംഭദിനമായി ആഘോഷിച്ചു. രാവിലെ നടന്ന ദിവ്യബലിയിൽ കൂരിയ ബിഷപ് മാർ ബോസ്കോ പുത്തൂർ മുഖ്യകാർമ്മികനായിരുന്നു. തുടർന്ന് നടന്ന സമ്മേളനത്തിൽ പി. എസ്. സി. ചെയർമാൻ ശ്രീ. കെ. എസ്. രാധാകൃഷ്ണൻ മുഖ്യാതിഥിയായിരുന്നു. ഫാദർ വർഗീസ് അസിൻ തൈപ്പറമ്പിൽ, ഡോ. ബാബു ഫ്രാൻസിസ്, ഡോ. വന്ദന അയ്യങ്കാർ, സിസ്റ്റർ ജൂലിയറ്റ് എന്നിവർ പ്രസംഗിച്ചു. വിവിധ കോഴ്സുകളിൽ മികവ് പുലർത്തിയവർക്കുള്ള സമ്മാനങ്ങൾ വിതരണം ചെയ്തു.



## CONGRATULATIONS



CPHA (കോൺഫെഡറേഷൻ ഓഫ് പ്രൈവറ്റ് ഹെൽത്ത്കെയർ അസോസിയേഷൻസ്) പ്രസിഡന്റായി ഫാ. തോമസ് വൈക്കത്തുപറമ്പിലിനെ തിരഞ്ഞെടുത്തു. നവംബർ 24-ാം തീയതി ലിസി ആശുപത്രിയിൽവച്ച് നടന്ന 4-ാമത് വാർഷിക സമ്മേളനത്തിലാണ് തിരഞ്ഞെടുക്കപ്പെട്ടത്.

# WORLD DIABETES DAY

## *"Diabetes education and prevention"*

Dr George Paulose MD,C.Diab,
Senior Consultant,Diabetology Department,Lisie Hospital



There are several types of DiabetesMellitus ,the rarer ones include Type 1 Diabetes which is due to autoimmune destruction of Pancreas, gene abnormalitiy types,those associated with Exocrine pancreatic diseases,drug and chemical induced and overlap syndromes.

Type 2 Diabetes mellitus,which makes up 90% of Diabetes cases is a disease due to inadequate quantitative and or qualitative Insulin action and can be prevented to a great extent by healthy living habits --regular exercise upto 20 minutes per day, balanced nutritional diet,avoidance of high sugar and fat diet,addictions and a good 7 hour sleep.

Those at high risk are people with a family history of Diabetes,Pregnancy Diabetes,Polycystic Ovaries,Obese, Lack of exercise Older age groups, high BP,high Lipids,Smokers and Alcohol addicts. Indians as a race have high Insulin resistance and hence are very prone to develop Diabetes. If diagnosed early and adequate treatment is undertaken patients can have a normal life span and avoid killer complications like heart attack,stroke,kidney failure,blindness,infections and foot gangrene. India has become the diabetes capital of the world and the Central government has devised schemes to prevent and treat this life threatening non-communicable disease and Lisie hospital has taken up the challenge to join in the war against diabetes.

## DIABETOLOGY AT LISIE HOSPITAL

The Diabetology department was established in Lisie hospital in January 2011. The department provides daily out patient, in patient, and emergency services in conjunction with Department of General Internal Medicine.

We believe in comprehensive "Total Diabetic Care" – early screening and diagnosis of high risk groups,identifying cases of Pre Diabetes and ensuring measures to stop progression to Diabetes, screening for risk factors of Diabetes –Nerve and Vascular studies of limbs,Eye examination,Renal parameters and Diabetic skin diseases.Patients are stressed on the importance of foot care to prevent life threatening diabetic foot diseases.

We have standard protocols for exercise, diet, in patient and out patient oral anti diabetic therapy and Insulin treatment. Adequate care is given to management of associated life style disorders like hypertension and high lipids

A Diabetic Intensive care caters to Diabetic emergencies like diabetic coma and allied sepsis. We believe that patient empowerment is the foundation of Diabetes care so our Diabetic educator provides educational pamphlets and instructs on importance of life style management and adherence to therapy,Insulin injection techniques and monitoring for complications.

Recently we have started the "Continuous Glucose Monitoring'system in difficult to control and brittle diabetics are monitored with a sensor pin introduced below the skin.This sensor monitors your sugar level 24 hours for a week and the treatment modalities are adjusted based on the patient's glucose profile which is a summation of 288 readings per day.

The Diabetic Neurovascular Lab with Neuropathy Analyzer (Vibrotherm),Vascualr Doppler(Versadop Dx) and Plantar Pressure system(Podiascan) has been commissioned recently. We will soon be starting Insulin Pump Infusions for perioperative cases for prompt and adequate control of perioperative sugars thereby reducing metabolic and septic complications and reducing hospital stay.Type 1 Juvenile Diabetes patients and Type II Diabetes patients requiring massive doses of Insulin and fluctuation in sugars also will benefit from Insulin pump therapy.



# ലോകപ്രമേഹദിനാചരണം

## നവംബർ 14

നാലാം വർഷ ബി.എസ്.സി. നഴ്സിംഗ് വിദ്യാർത്ഥികൾ നവംബർ 14-ാം തീയതി ലോക പ്രമേഹദിനത്തിനോടനുബന്ധിച്ച് പ്രമേഹ ബോധവൽക്കരണ പരിപാടി സംഘടിപ്പിച്ചു. ലിസി ഇൻസ്റ്റിറ്റ്യൂഷൻസ് അസി. ഡയറക്ടർ ഫാ. പോൾ കോട്ടയ്ക്കൽ, ഡയബറ്റോളജിസ്റ്റ് ഡോ. ജോർജ്ജ് പൗലോസ്, മെഡിക്കൽ സൂപ്രണ്ട് ഡോ. ബാബു ഫ്രാൻസിസ്, അസി. നഴ്സിംഗ് സൂപ്രണ്ട് സി. റെയ്ച്ചൽ എന്നിവരുടെ സാന്നിദ്ധ്യത്തിൽ ഒ.പി. വിഭാഗത്തിലാണ് ചടങ്ങ് നടന്നത്. ഡാ. ജോർജ്ജ് പൗലോസ് പ്രമേഹദിനത്തോടനുബന്ധിച്ചുള്ള സന്ദേശം നൽകി. ഫാ. പോൾ കോട്ടയ്ക്കൽ പ്രമേഹവിരുദ്ധ പ്രതിജ്ഞ ചൊല്ലിക്കൊടുത്തു. പ്രമേഹത്തെപ്പറ്റി അവബോധം കൊടുക്കുന്ന ഒരു ലഘുനാടകം വിദ്യാർത്ഥികൾ അവതരിപ്പിച്ചു. പവർപോയിന്റ് ദൃശ്യങ്ങൾ ജനശ്രദ്ധ ആകർഷിച്ചു.



പോസ്റ്റ് ബേസിക് ബി.എസ്.സി. നഴ്സിംഗ് വിദ്യാർത്ഥിനികൾ മാലിപ്പുറം സാമൂഹിക ആരോഗ്യകേന്ദ്രവുമായി ചേർന്ന് ആരോഗ്യശാസ്ത്ര പ്രദർശനവും ബോധവൽക്കരണ ക്യാമ്പും നടത്തി.

രണ്ടാം വർഷ ബി.എസ്.സി. നഴ്സിംഗ് വിദ്യാർത്ഥിനികൾ കൂനമ്മാവ് പ്രാഥമിക ആരോഗ്യകേന്ദ്രത്തിന്റെ നേതൃത്വത്തിൽ രോഗനിർണ്ണയവും ചികിത്സാ കൗൺസലിംഗും നടത്തി. തദവസരത്തിൽ വിദ്യാർത്ഥിനികൾ നടത്തിയ ആരോഗ്യ ശാസ്ത്രപ്രദർശനം ശ്രദ്ധേയമായി.

# ലോകകാഴ്ചദിനാചരണം

## WORLD SIGHT DAY

## 10th October 2013

### PROTECT YOUR VISION & MAKE YOUR LIFE COLOURFUL

ലോകകാഴ്ച ദിനാചരണത്തോടനുബന്ധിച്ച് ലിസി ആശുപത്രിയിൽ ലിസി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് അലൈഡ് ഹെൽത്ത് സയൻസ് വിഭാഗത്തിന്റെ ആഭിമുഖ്യത്തിൽ ബോധവൽക്കരണ പരിപാടി സംഘടിപ്പിച്ചു. ആശുപത്രി ഡയറക്ടർ ഫാ. തോമസ് വൈക്കത്തുപറമ്പിൽ ഉദ്ഘാടനം ചെയ്ത ചടങ്ങിൽ ഡിസ്ട്രിക്റ്റ് ഗവർണർ ഓഫ് ലയൺസ് ക്ലബ്, ശ്രീ. ശിവാനന്ദൻ എം. മുഖ്യാതിഥിയായി. ഇതിനോടനുബന്ധിച്ച് തയ്യാറാക്കിയ നേത്രദാന സമ്മതപത്രം അദ്ദേഹത്തിന് സമർപ്പിക്കുകയും ചെയ്തു. മെഡിക്കൽ സൂപ്രണ്ട് ഡോ. ബാബു ഫ്രാൻസിസ് **സ്റ്റുഡൻസ് ഐ ക്ലിനിക്ക്** ഉദ്ഘാടനം ചെയ്തതായി പ്രഖ്യാപിച്ചു.




'എങ്ങനെ കാഴ്ച വീണ്ടെടുക്കാം' എന്ന വിഷയത്തെക്കുറിച്ച് നേത്രരോഗ ചികിത്സാ വിഭാഗം മേധാവി ഡോ. ലത മാത്യു ക്ലാസെടുത്തു. ലിസി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് അലൈഡ് ഹെൽത്ത് സയൻസ് വിദ്യാർത്ഥികൾ 'കാഴ്ചയ്ക്കപ്പുറം' എന്ന ബോധവൽക്കരണ നാടകം അവതരിപ്പിച്ചു. സി. ജൂലിയറ്റ് എം. എസ്. ജെയും സി. ഹെലൻ റോസ് സി. എം. സി.യും നേതൃത്വം കൊടുത്തു.

# ലോക മാനസികാരോഗ്യ ദിനം

## OCTOBER 10TH 2013

ഡോ. കുരുവിള തോമസ് (കൺസൽട്ടന്റ് സൈക്യാട്രിസ്റ്റ്)



എല്ലാ വർഷവും വേൾഡ് ഫെഡറേഷൻ ഫോർ മെന്റൽ ഹെൽത്ത് ഓർഗനൈസേഷന്റെ സഹകരണത്തോടെ ലോകമാനസിക ആരോഗ്യദിനം ആചരിക്കുന്നു. ഈ വർഷം പ്രായമായവരുടെ അവസ്ഥകൾക്ക് മുൻതൂക്കം കൊടുക്കുവാൻ തീരുമാനിച്ചത് താഴെപറയുന്ന കണക്കുകൾ പ്രകാരമാണ്. 60 വയസ്സിന് മുകളിൽ ഉള്ളവരുടെ എണ്ണം 2000-നും 2050-നും ഇടയ്ക്ക് 11%ൽ നിന്നും 22% ആയി വർദ്ധിക്കും. അതായത് 2050-ൽ 60 വയസ്സിന് മുകളിൽ ഉള്ളവരുടെ എണ്ണം 200 കോടി ആയിരിക്കും. 55 വയസിന് മുകളിലുള്ള 20% ആളുകൾക്ക് മാനസികരോഗം ഉണ്ട്. വിഷാദരോഗം വളരെ സാധാരണമാണ്. പ്രമേഹംപോലെയുള്ള ശാരീരികരോഗം ഉള്ളവർക്ക് വിഷാദവും ഉണ്ടെങ്കിൽ അത് ശാരീരികരോഗ നിയന്ത്രണത്തെ ബാധിക്കുന്നു. തക്കസമയത്തുള്ള ശരിയായ ചികിത്സ വളരെയധികം സഹായിക്കുമെങ്കിലും മാനസിക ആരോഗ്യത്തെക്കുറിച്ചുള്ള സമൂഹത്തിന്റെ കാഴ്ചപ്പാടും മിഥ്യാ ധാരണകളും ചികിത്സ ലഭ്യമാക്കുന്നതിന് വൈമുഖ്യം അഥവാ സ്മൃതിനാശം സൃഷ്ടിക്കുന്നു. ഈ മനോഭാവം മാറിയേ തീരൂ. ഇപ്പോൾ 60 വയസ്സിനുമുകളിലുള്ള 3.5 കോടി ജനങ്ങൾക്ക് ഡിമെൻഷ്യ അഥവാ സ്മൃതിനാശം ഉണ്ട്. 2050 ആകുമ്പോൾ അത് 11.5 കോടി ആകും. ഓർമ്മ വർദ്ധിപ്പിക്കുവാനുള്ള മരുന്നുകൾക്ക് പരിമിതികൾ ഉണ്ടെങ്കിലും ഇക്കൂട്ടർക്ക് ഉണ്ടാകാവുന്ന മാനസിക അവസ്ഥകൾ നിയന്ത്രിക്കുവാൻ മരുന്നുകൾ സഹായിക്കും. അതുവഴി ഇവരെ പരിപാലിക്കുന്നവരുടെ (CARE GIVERS) മാനസിക വിഷമങ്ങൾ കുറയ്ക്കുവാൻ സാധിക്കും. എല്ലാത്തിലുമുപരി മാനസിക അസ്വസ്ഥതകൾ അനുഭവിക്കുന്നവർക്ക് സമൂഹതലത്തിൽ വേണ്ട പരിചരണം കൊടുക്കേണ്ടത് അത്യാവശ്യമാണ്.




# ലോക മാനിസാകാരോഗ്യ വാരാചരണം

ലോക മാനസികാരോഗ്യ വാരാചരണത്തിന്റെ ഭാഗമായി ലിസി ഹോസ്പിറ്റലിന്റെ ആഭിമുഖ്യത്തിൽ ലിസി നഴ്സിംഗ് കോളേജിലെ വിദ്യാർത്ഥികൾ ഒക്ടോബർ എട്ടുമുതൽ പതിനൊന്നാം തീയതിവരെ പ്രൊവിഡൻസ് ഹോം കിഴക്കമ്പലം, സെന്റ് ജൂഡ്സ് ഹയർ സെക്കന്ററി സ്കൂൾ കാരണക്കോടം എന്നിവിടങ്ങളിൽ വിവിധ പരിപാടികൾ സംഘടിപ്പിച്ചു. ഒക്ടോബർ എട്ടാം തീയതി സെന്റ് ജൂഡ്സ് ഹയർ സെക്കന്ററി സ്കൂളിലെ വിദ്യാർത്ഥികൾക്കായി 'ലഹരി പദാർത്ഥങ്ങളുടെ ഉപയോഗവും ആരോഗ്യപ്രശ്നങ്ങളും' എന്ന വിഷയത്തെപ്പറ്റി ഒരു പോസ്റ്റർ മത്സരം നടത്തി. ഒക്ടോബർ പത്താം തീയതി പ്രൊവിഡൻസ് ഹോമിലെ ബുദ്ധിമാന്ദ്യം ബാധിച്ച അന്തേവാസികളുമായി ഒരു കൂട്ടായ്മയും തുടർന്ന് സൗജന്യ ഭക്ഷണ വിതരണവും നടത്തി. ഉച്ചയ്ക്ക് രണ്ടു മണിയോടുകൂടി സെന്റ് ജൂഡ്സ് സ്കൂളിൽ ഒരു പൊതുസമ്മേളനം സംഘടിപ്പിച്ചു. ചടങ്ങിൽ ഫാ. ജോബ് കൂട്ടുങ്കൽ (ഡയറക്ടർ, സെന്റ് ജൂഡ്സ് സ്കൂൾ), സി. ക്ലീറ്റസ് (പ്രിൻസിപ്പൽ, സെന്റ് ജൂഡ്സ് സ്കൂൾ), ഫാ. തോമസ് വൈക്കത്തുപറമ്പിൽ (ഡയറക്ടർ, ലിസി മെഡിക്കൽ ആന്റ് എജ്യൂക്കേഷണൽ ഇൻസ്റ്റിറ്റ്യൂഷൻസ്), ഫാ. വർഗീസ് അസിൻ തൈപ്പറമ്പിൽ (അസിസ്റ്റന്റ് ഡയറക്ടർ, ലിസി മെഡിക്കൽ ആന്റ് എജ്യൂക്കേഷണൽ ഇൻസ്റ്റിറ്റ്യൂഷൻസ്), പ്രൊഫ. ഉഷ മാറാത്ത് (പ്രിൻസിപ്പൽ, ലിസി നഴ്സിംഗ് കോളേജ്), ശ്രീമതി മഞ്ജു ജോർജ്ജ് (ലിസി നഴ്സിംഗ് കോളേജ്, സൈക്യാട്രി നഴ്സിംഗ് മേധാവി) തുടങ്ങിയവർ സംസാരിച്ചു. തദവസരത്തിൽ 'ലഹരി പദാർത്ഥങ്ങളുടെ ദുരുപയോഗവും ആരോഗ്യപ്രശ്നങ്ങളും' എന്ന വിഷയത്തെ ആസ്പദമാക്കി ലിസി നഴ്സിംഗ് കോളേജിലെ എം.എസ്സി. നഴ്സിംഗ് വിദ്യാർത്ഥികൾ തയ്യാറാക്കിയ ഡോക്യുമെന്ററി പ്രദർശനവും, പോസ്റ്റർ മത്സരത്തിന്റെ സമ്മാനദാനവും നടത്തി.

# നോർത്ത് റയിൽവേ സ്റ്റേഷനിൽ ലോക എയ്ഡ്സ് ദിനാചരണം



ഡിസംബർ 1 ലോക എയ്ഡ്സ് ദിനത്തോടനുബന്ധിച്ച് ലിസി കോളേജ് ഓഫ് നഴ്സിംഗിലെ മൂന്നാം വർഷ ബി.എസ്സി. നഴ്സിംഗ് വിദ്യാർത്ഥികൾ എറണാകുളം നോർത്ത് റെയിൽവേ സ്റ്റേഷനിൽ എയ്ഡ്സ് ബോധവത്കരണ പരിപാടി നടത്തി. സ്റ്റേഷൻ മാനേജർ ശ്രീ. എ. ബിജു ഉദ്ഘാടനം നിർവഹിച്ചു. ബോധവത്കരണത്തിന്റെ ഭാഗമായി ഒരുക്കിയ ലഘുലേഖ, ലിസി മെഡിക്കൽ ആന്റ് എജ്യൂക്കേഷൻ ഇൻസ്റ്റിറ്റ്യൂഷൻസ് അസി. ഡയറക്ടർ റവ. ഫാ. വർഗീസ് അസിൻ തൈപ്പറമ്പിൽ പ്രകാശനം ചെയ്തു. റെയിൽവേ ഹെൽത്ത് ഇൻസ്പെക്ടർമാരായ ശ്രീമതി ഷാനി, ശ്രീ. പി. അരുൺ എന്നിവർ പരിപാടിയിൽ പങ്കെടുത്തു. പരിപാടിയുടെ ഭാഗമായി നഴ്സിംഗ് വിദ്യാർത്ഥികൾ അവതരിപ്പിച്ച ലഘുനാടകം ശ്രദ്ധേയമായി.

## World AIDS Day - 1st December 2013

**Getting to zero: Zero new HIV infections. Zero discrimination. Zero AIDS-related deaths**

World AIDS Day is celebrated on 1st December every year to raise awareness about HIV/AIDS and to demonstrate international solidarity in the face of the pandemic. The day is an opportunity for public and private partners to disseminate information about the status of the pandemic and to encourage progress in HIV/AIDS prevention, treatment and care around the world, particularly in high prevalence countries.

Between 2011-2015, World AIDS Day has the theme: "Getting to zero: zero new HIV infections. Zero discrimination. Zero AIDS-related deaths". The WHO's focus for the 2013 campaign is improving access to prevention, treatment and care services for adolescents (10-19 years), a group that continues to be vulnerable despite efforts so far.






## World AIDS day celebration

World AIDS day was celebrated in OP department of Lisie Hospital on 30/11/2013 at 9.30 am, inaugurated by Rev. Fr. Varghese Assin Thaiparambil, Asst. Director. The programme was co-ordinated by 4th year GNM internship students. Message for the day was delivered by Dr. Babu Francis, Medical Superintendent, Lisie Hospital; Dr. Joy Mampilly, HOD General Surgery, released the pamphlet regarding AIDS by giving first copy to Rev. Sr. Vida MSJ, Nursing Superintendent. The function was felicitated by Rev. Fr. Paul Kottackal, Asst. director, and Rev. Sr. Vida MSJ, Nursing Superintendent. Followed by that there was a public meeting and mass health education programme conducted by 4th year GNM students of Lisie School of Nursing. The programme winded up with national anthem at 10.30 am.

2nd year B.Sc Nursing students conducted health exhibition and skit at PHC Koonamavu. Also participated in the rally organized by PHC.

# World COPD Day

Dr. Praveen Valsalan (Consultant Pulmonologist)



World COPD Day is an annual event organized by the Global Initiative for Chronic Obstructive Lung Disease (GOLD) to improve awareness and care of chronic obstructive pulmonary disease (COPD) around the world. World COPD Day 2013 which took place on November 20 and the theme was "It's Not Too Late."

## COPD stands for-"Chronic Obstructive Pulmonary Disease".

The word Chronic means it won't go away. The word Obstructive means partly blocked. The word Pulmonary means in the lungs. The word Disease means sickness.

## Burden of COPD in India

Like China, India also contributes a significant and growing percentage of COPD mortality estimated to be amongst the highest in the world; i.e. more than 64.7 estimated age standardized death rate per 1, 00,000 amongst both sexes according to WHO database updated on 20$^{th}$ January 2011

In India chronic respiratory diseases (asthma and COPD) causes more burden than all the other non-communicable diseases taken together. It causes more morbidity and mortality than all the other diseases. Efforts to improve early diagnosis, develop new treatments, and better predict patients' prognoses are leading to renewed optimism in the fight against one of the world's most prevalent respiratory diseases.

This year's World COPD Day theme, "It's not too late," emphasizes the meaningful actions people can take to improve their respiratory health, at any stage before or after a COPD diagnosis.

The early stages of COPD are often unrecognized, in part because many individuals discount symptoms such as breathlessness, chronic cough, and bringing up phlegm as a normal part of getting older or an expected consequence of cigarette smoking.

## Who gets COPD?

You cannot get COPD from someone else

Most people with COPD are smokers or were smokers in the past. Any form of smoking can cause COPD.

Some people with COPD have lived in homes filled with fumes from cooking stoves or fumes from heaters used to warm the home.

Some people with COPD worked for many years in places that were very dusty or smoky.

Uncontrolled asthmatics who have not taken treatment properly or regularly can also end up with COPD.

## What to do when you have respiratory problem?

Go to a doctor when you first have problems with breathing or problems with a cough that lasts for more than a month. When you have breathing problems, the sooner you see a doctor about COPD, the better. COPD is diagnosed using a breathing test called spirometry. This test, which is painless and takes only a few minutes, measures the amount of air a person can breathe out, and the amount of time taken to do so.

## Treatment of COPD

There is no cure for COPD. Treatment is most effective when begun early in the course of the disease. Aim of treatment is to reduce symptoms such as breathlessness and enable people to participate more fully in daily life. Furthermore, new medications hold the promise of treating COPD more effectively and with fewer side effects.

Patients may be able to slow or even stop the progress of COPD by reducing their exposure to risk factors for the disease. Without treatment, however, COPD is generally a progressive disease, and as the disease gets worse patients become breathless during everyday activities such as climbing a flight of stairs, walking the dog, or even getting washed and dressed in the morning. Remember again that there is no cure for COPD. The earlier you start treatment the better it is.

# QUIZ TIME

**Give the themes of the following days in the year of 2013.**

**1.World Health Day**
**2.International Nurses Day**
**3. World Breast feeding Week**
**4.World Alzheimers Month**
**5.World Heart Day**
**6.World Mental Health Day**
**7.World Sight Day**
**8.World Diabetes Day**
**9.World AIDS Day**
**10.World COPD Day**

**NB-Answers may be sent to the Editor-in-chief on or before 30th Jan 2014 via e-mail-lisienewsletter2013@gmail.com or in the drop box of Echolis kept at administrative block /OPD. Lot will be drawn from all correct answers and the winner will be awarded in the next issue.**

# INITIATION PROGRAMME

The initiation programme for the new batch GNM students and other paramedical students was conducted on 3rd and 4th October 2013 in the mini auditorium. On first day, sessions were taken by Dr.Prakash Chandran, Consultant Psychologist on Motivation, study habits and learning strategies and Prof. Jose emphasized the importance of communication and communication skills. On second day, sessions were led by Fr. Jackson Kizhavana regarding the importance of love and smile while delivering nursing care which was then followed by a talk from Rev. Sr. Rachel, Asst. Nursing Superintendent on introduction to nursing profession. On the same day there was a documentary on Lisie Hospital followed by introduction of new batch by 2012 batch students. Rev. Fr. Varghese Assin Thaiparambil attended the function and emphasized the importance of honesty in nursing field.

# TNAI Academic Awards for Kerala State September / October 2012

Ms. Sijimol K.R. (October 2010 batch) and Miss. Vibitha Vijayan (October 2011 batch) from Lisie School of Nursing secured first rank in state level GNM examination held in September / October 2012 for 2nd year paper II - Medical & Surgical Speciality and 1st year paper III - Fundamentals of Nursing respectively. Congratulations to all awardee.





# Cardiac Electrophysiology at Lisie Heart Institute



Dr. Ajit Thachil

Lisie Heart Institute makes a grand leap with Cardiac Electrophysiology unit to diagnose and treat heart rhythm disorders and syncope. We have acquired the Ensite Velocity- 3D mapping system and the Workmate EP system and have started performing EP studies, ablations and re synchronization therapy. Dr. Ajit Thachil MD, DM, PDF (EP), CCDS - Electrophysiologist with extensive experience in this field has joined at the hospital.

## പ്രാർത്ഥനാ നിർഭരമായ കൃതജ്ഞതയും ആദരാഞ്ജലിയും



ലിസ്സി ദേവസ്സിക്കുട്ടി

സമൂഹത്തന് മാതൃകയായി മറ്റൊരു അവയവദാന പുണ്യംകൂടി. എറണാകുളം ലിസി ആശുപത്രിയിൽ മസ്തിഷ്കമരണം സംഭവിച്ച തൃശൂർ ജില്ലയിലെ അന്നമനട, പാലിശ്ശേരി സ്വദേശി നെല്ലശ്ശേരി വീട്ടിൽ ലിസ്സി ദേവസ്സിക്കുട്ടി(41) യുടെ അവയവങ്ങൾ അഞ്ചുപേർക്ക് ജീവനും ജീവിതവുമായി. ഹൃദയം ലിസി ആശുപത്രിയിൽ തന്നെ സുവിൻ അനീഷ് മാത്യൂ(24) വിന് മാറ്റിവച്ചു. കിഡ്നി കോട്ടയം മെഡിക്കൽ കോളേ ജിലേക്കും, കരൾ എറണാകുളം മെഡിക്കൽ ട്രസ്റ്റ് ആശുപത്രിയിലേക്കും കണ്ണുകൾ അങ്കമാലി ലിറ്റിൽ ഫ്ളവർ ആശുപത്രിയിലേക്കും കൊണ്ടുപോയി.

ലിസിയുടെ ഭർത്താവ് ദേവസ്സിക്കുട്ടിക്കും മക്കൾ അഖിൽ, ആഷിന എന്നിവർക്കും നന്മനേരുന്നു.



*ഹൃദയം മാറ്റിവയ്ക്കൽ ശസ്ത്രക്രിയയ്ക്ക് വിധേയനായ ഡിനോയിയെ പ്രശസ്ത സിനിമാതാരം ഇന്നസെന്റ് സന്ദർശിച്ചു.*

## Important Forth Coming Days

Jan 30- World Leprosy Eradication Day, Feb 4-World Cancer Day
Feb 12-Sexual And Reproductive Awareness Day
Mar 6-Glaucoma Day, Mar 8-International Women's Day
Mar 11-No Smoking Day, Mar 12-World Kidney Day
Mar 15-World Disabled Day/World Consumer Right Day
Mar 16-Measles Immunization Day
Mar 22-World Day For Water
Mar 24-World Tb Day



*ലിസി ആശുപത്രിയിൽ ഹൃദയം മാറ്റിവയ്ക്കൽ ശസ്ത്രക്രിയക്ക് വിധേയരായ ഗിരീഷ്, ശ്രുതി, ഡിനോയ്, സുവിൻ എന്നിവർ കർദ്ദിനാൾ മാർ ജോർജ്ജ് ആലഞ്ചേരി പിതാവിനൊപ്പം കേക്കു മുറിക്കുന്നു. ഡോ. റോണി മാത്യു, ഡോ. ജോസ് ചാക്കോ പെരിയപ്പുറം, ഡയറക്ടർ ഫാ. തോമസ് വൈക്കത്തുപറമ്പിൽ എന്നിവർ സമീപം.*

# World Stroke day

DR. ARUN KUMAR M.L. (CONSULTANT NEUROLOGIST)

World Stroke Day is observed on October 29 to underscore the serious nature and high rates of stroke, raise awareness of the prevention and treatment of the condition, and ensure better care and support for survivors. On this day, organizations around the world have facilitated events emphasizing education, testing, and initiatives to improve the damaging effects of stroke worldwide. The annual event was started in 2006 by the World Stroke Organization(WSO)and the WSO declared stroke a public health emergency in 2010. The WSO now has an ongoing campaign that serves as a year-round interface for advocacy, policy, and outreach to support strides and continue progress made on World Stroke Day.

Stroke is second leading cause of death. There are 2 types of stroke, Ischemic and Haemorrhagic

**Causes of stroke** - Hypertension,obesity,hyperlipidemia,heart diseases,Diabates Mellitus and having a history of previous stroke.

**Symptoms of stroke** - Weakness of one side,loss of speech,swaying to one side,visual loss

**Treatment** - Early arrival to hospital,diagnosis by CT scan,thrombolytics,supportive mesaures

With timely care and support, most stroke survivors can recover and regain their former quality of life. Everyone should take the following actions to reduce their likelihood of having a stroke: 1) know your personal risk factors for stroke, including high blood pressure, diabetes, obesity, high blood cholesterol, atrial fibrillation, and a history of having a transient ischemic attack or previous stroke and control or manage these conditions by working with health-care providers; 2) engage in physical activity regularly; 3) maintain a healthy diet high in fruits and vegetables; 4) limit alcohol consumption; 5) avoid cigarette smoke (if you smoke, seek help to stop now); and 6) learn to recognize the warning signs of a stroke.

**Stroke - Warning Signs**

Sometimes symptoms of stroke develop gradually. But if you are having a stroke, you are more likely to have one or more sudden warning signs like these:

Numbness or weakness in your face, arm, or leg, especially on one side, Confusion or trouble understanding other people, Trouble speaking, Trouble seeing with one or both eyes, Trouble walking or staying balanced or coordinated, Dizziness, Severe headache that comes on for no known reason, Face Drooping

If someone shows any of these symptoms, even if the symptoms go away, take person to the hospital immediately. Check the time so you'll know when the first symptoms appeared.

# Christmas Celebration

## 21st December 2013

Christmas celebrations of Lisie medical and educational institutions were held on 21st December 2013 at Lisie hospital auditorium. Fr. Paul Kottackal, Asst. Director Lisie medical and educational institutions delivered a Christmas message. Carol song competition and crib competition was conducted and winners were awarded with prizes. For crib comptetion Lisie College of Nursing won the first prize. (Sr.Sibia and team). For carol song competions, Lisie College of Nursing (Miss. Rosemary Joseph and team) won the frist prize.

# Newly Joined Doctors



**Dr. Laura Edison M.S.** (Depratment of Ophthalmology)
MBBS from Rajiv Gandhi University, Mangalore
MS from AIMS, Edappally



**Dr. B. Syam MS, Mch** (Depratment of Neuro srugery)
MBBS from Medical College, Trivandrum
MS from Motilal Nehru Medical College, Allahabad
MCh. from Medical College, Kottayam



**Dr. Rohan Rajendran** (Depratment of Urology)
MBBS from Medical College, Calicut
MS from Medical College, Trivandrum
MCh. from Medical College, Calicut

## Retirements


Alice Kuruvila


Lissy Johnson


Prasanna Ravindran


Francis P.V.


Roy V.D.


Shoukath P.M.


Vincent K.X.


## LISIE DIABETES CENTRE

## LISIE DIABETIC HEALTH CHECK UP

**Tuesday & Wednesday - 7.30 am to 1.30 pm**

**Contact: Admission Desk**
**Phone: 0484 - 2402044, Extn. 5055, 9497713386**
**Ernakulam**
**Online Booking: www.lisiehospital.org**

**Diabetic Foot Wear & Foot Care Kits available**
**Contact: 9497713386**

## Neurovascular Study & Foot Scan

# LISIE HOSPITAL, ERNAKULAM

**Advance Booking No: 0484 2401141, 2402044, Extn. 5027**

## വിവിധ ചികിത്സാ വിഭാഗങ്ങളും ഒ.പി. ദിവസങ്ങളും

**ജനറൽ മെഡിസിൻ**

ഡോ. ടി.കെ. ജോസഫ് (തിങ്കൾ - ശനി)
ഡോ. എ.പി. ജോണി (തിങ്കൾ - ശനി)
ഡോ. ജോർജ്ജ് സേവ്യർ (തിങ്കൾ - ശനി)
ഡോ. റോജ ജോസഫ് (തിങ്കൾ - ശനി)
ഡോ. അഭിലാഷ് ചാക്കോ (തിങ്കൾ - ശനി)

**ഡയബറ്റോളജി വിഭാഗം (പ്രമേഹ രോഗ ചികിത്സാ വിഭാഗം)**

ഡോ. ജോർജ്ജ് പൗലോസ് (തിങ്കൾ - ശനി)

**പൾമനോളജി (ശ്വാസകോശ രോഗ വിഭാഗം)**

ഡോ. പ്രവീൺ വത്സലൻ (തിങ്കൾ - ശനി)

**ജനറൽ സർജറി വിഭാഗം (ശസ്ത്രക്രിയ വിഭാഗം)**

ഡോ. ജോയ് മാമ്പിള്ളി (ചൊവ്വ, വ്യാഴം, ശനി)
ഡോ. പൗലോസ് ജേക്കബ് (ചൊവ്വ, വ്യാഴം, ശനി)
ഡോ. അനന്തപത്മനാഭൻ (തിങ്കൾ, ബുധൻ, വെള്ളി)

**പീഡിയാട്രിക്സ് (ശിശു രോഗ വിഭാഗം)**

ഡോ. മാർഗരറ്റ് ജോസഫ് (തിങ്കൾ - ശനി)
ഡോ. സുധ (തിങ്കൾ - ശനി)
ഡോ. രോഹിൻ എബ്രഹാം (തിങ്കൾ - ശനി)
ഡോ. ജെസി തോമസ് (തിങ്കൾ - ശനി)

**ഒബ്സ്റ്റട്രിക്സ് & ഗൈനക്കോളജി (സ്ത്രീ രോഗ വിഭാഗം)**

ഡോ. എമി ഡിസൂസ (ചൊവ്വ, വ്യാഴം, ശനി)
ഡോ. സാറാമ്മ ഈശോ (ചൊവ്വ, വ്യാഴം, ശനി)
ഡോ. രാജരാജേശ്വരി (തിങ്കൾ, ബുധൻ , വെള്ളി)
ഡോ. റാണി പോൾ പി. (തിങ്കൾ, ബുധൻ , വെള്ളി)

**ഡെർമറ്റോളജി (ത്വക്ക് രോഗ വിഭാഗം)**

ഡോ. സോമൻ പീറ്റർ (തിങ്കൾ, ചൊവ്വ, വ്യാഴം, വെള്ളി, ശനി)

**ഒഫ്താൽമോളജി (നേത്ര രോഗ വിഭാഗം)**

ഡോ. ലത മാത്യു (തിങ്കൾ, ചൊവ്വ, വ്യാഴം, വെള്ളി, ശനി)
ഡോ. ലോറ എഡിസൺ (തിങ്കൾ, ചൊവ്വ, വ്യാഴം, വെള്ളി, ശനി)

**ഇ.എൻ.ടി (ചെവി, മൂക്ക്, തൊണ്ട വിഭാഗം)**

ഡോ. റീന വർഗ്ഗീസ് (ചൊവ്വ, വ്യാഴം, ശനി)
ഡോ. ഫ്രാങ്കി ജോസ് (തിങ്കൾ, ബുധൻ, വെള്ളി)
ഡോ. അഭിജിത്ത് കുമാർ (തിങ്കൾ, ബുധൻ, വെള്ളി)
ഡോ. രമ്യ പൗലോസ് (ചൊവ്വ, വ്യാഴം, ശനി)

**ഓർത്തോപീഡിക്സ് (അസ്ഥി രോഗ വിഭാഗം)**

ഡോ. കെ. രാജാറാം (ചൊവ്വ, വ്യാഴം, ശനി)
ഡോ. സുരേഷ് പോൾ (തിങ്കൾ, ബുധൻ, വെള്ളി)
ഡോ. ബിജു പി.എ. (ചൊവ്വ, വ്യാഴം, ശനി)
ഡോ. മനോജ് എം. (തിങ്കൾ, ബുധൻ, വെള്ളി)

**സൈക്യാട്രി (മാനസിക രോഗ വിഭാഗം)**

ഡോ. കുരുവിള തോമസ് (തിങ്കൾ - ശനി 4 മണിക്ക് ശേഷം)

**ചൈൽഡ് സൈക്യാട്രി (ശിശു മാനസിക രോഗ വിഭാഗം)**

ഡോ. സീതാലക്ഷ്മി ജോർജ്ജ് (ബുധൻ & ശനി 10 am - 1 pm)

**കാർഡിയോളജി (ഹൃദ്രോഗ വിഭാഗം)**

ഡോ. റോണി മാത്യു (തിങ്കൾ & ശനി am, തിങ്കൾ - വെള്ളി pm)
ഡോ. ജേക്കബ് ജോസഫ് (തിങ്കൾ - ശനി am, തിങ്കൾ - വെള്ളി pm)
ഡോ. ജാബിർ അബ്ദുള്ളകുട്ടി (തിങ്കൾ - ശനി am, തിങ്കൾ, ചൊവ്വ, വ്യാഴം pm)
ഡോ. അജിത്ത്കുമാർ കെ.ആർ. (തിങ്കൾ & വ്യാഴം am)
ഡോ. എബി പോത്തൻ (ചൊവ്വ, ബുധൻ am)
ഡോ. ജോ ജോസഫ് (ചൊവ്വ, വെള്ളി am)
ഡോ. അജിത്ത് തച്ചിൽ (ചൊവ്വ)

**കാർഡിയാക് സർജറി (ഹൃദയ ശസ്ത്രക്രിയ വിഭാഗം)**

ഡോ. ജോസ് ചാക്കോ പെരിയപുറം (തിങ്കൾ - വെള്ളി)
ഡോ. ഭാസ്കർ രംഗനാഥൻ (തിങ്കൾ - വെള്ളി)
ഡോ. ജീവേഷ് ജെ. തോമസ് (തിങ്കൾ - വെള്ളി)

**ഗ്യാസ്ട്രോ എന്ററോളജി (ഉദര രോഗ വിഭാഗം)**

ഡോ. തോമസ് ജെയിംസ് (തിങ്കൾ - ശനി)

**നെഫ്രോളജി (വൃക്ക രോഗ വിഭാഗം)**

ഡോ. ബാബു ഫ്രാൻസിസ് (തിങ്കൾ - വെള്ളി)
ഡോ. ജോസ് പി. പോൾ (തിങ്കൾ - വെള്ളി)

**യൂറോളജി വിഭാഗം**

ഡോ. ദാമോദരൻ നമ്പ്യാർ (തിങ്കൾpm, ബുധൻ, വെള്ളി)
ഡോ. വിജു ജോർജ്ജ് (ചൊവ്വ & വ്യാഴം pm, ശനി am)
ഡോ. രാകേഷ് രാജ്മോഹൻ (ചൊവ്വ & വ്യാഴം am, ശനി pm)
ഡോ. രോഹൻ രാജേന്ദ്രൻ (ചൊവ്വ, ബുധൻ, ശനി pm)

**ന്യൂറോളജി വിഭാഗം (മസ്തിഷ്ക രോഗ വിഭാഗം)**

ഡോ. വിദ്യ എം.വി. (തിങ്കൾ - ശനി)
ഡോ. അരുൺകുമാർ എം.എൽ (തിങ്കൾ - ശനി)

**ന്യൂറോ സർജറി വിഭാഗം (മസ്തിഷ്ക ശസ്ത്രക്രിയ വിഭാഗം)**

ഡോ. കോശി ജോർജ്ജ് (ചൊവ്വ , വ്യാഴം, ശനി)
ഡോ. ബി. ശ്യാം (ചൊവ്വ വ്യാഴം ശനി)
ഡോ. ഡാൽവിൻ തോമസ് (തിങ്കൾ ബുധൻ വെള്ളി)

**ഡെന്റൽ വിഭാഗം (ദന്തരോഗ വിഭാഗം)**

ഡോ. ബിജി രാജ് (തിങ്കൾ - ശനി)
ഡോ. ജേക്കബ് ചാക്കോ (തിങ്കൾ, ചൊവ്വ, ബുധൻ, വ്യാഴം, ശനി)
ഡോ. ഫയസ് ഹംസ (വെള്ളി & ശനി am)
ഡോ. എയ്ഞ്ചല റോസ് (തിങ്കൾ - ശനി)
ഡോ. ആൻ മേരി (തിങ്കൾ - ശനി)

Best Compliments From

# A&T

Engineering Contractors

Kochi - 24

E mail: atengg@gmail.com



Published by Lisie Hospital | Ernakulam | For Private Circulation only
Design & Print: Viani Printings | Ernakulam | Phone: 0484-2401635.